
# ജീവിതവീക്ഷണം

(മുനിവര്യൻ മാർ ഓദീശുവിന്റെ
മാർഗ്യാനീഥ എന്ന ഗ്രന്ഥത്തെ സംബന്ധിച്ചുള്ളത്)



CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

## പി.കെ. വർഗീസച്ചൻ

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# ജീവിതവീക്ഷണം

(മുനിവര്യൻ മാർ ഓദീശുവിന്റെ
മാർഗ്ഗ്യാനീഥ എന്ന ഗ്രന്ഥത്തെ സംബന്ധിച്ചുള്ളത്)

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

## പി. കെ. വർഗീസച്ചൻ

'പൂലോൻ', മാർ യോനൻ ചർച്ച്
അഞ്ചങ്ങാടി, തിരൂർ, മുളകുന്നത്തുകാവ് പി.ഒ. പിൻ 680 581
ഫോൺ : 0487-2202403 ഫാക്സ് : 0091487 2204075
E-mail : revpkvarghese@yahoo.com

2008

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

**JEEVITHA VEEKSHANAM** (Malayalam)

ഗ്രന്ഥകാരൻ : പി. കെ. വർഗീസച്ചൻ

പ്രസാധകൻ : ഡീക്കൺ റൂണോ വർഗീസ് പി.
മൊബൈൽ: : 9387267042

(പ്രസാധകാവകാശം പൂർണമായും പ്രസാകന്)

ആദ്യപതിപ്പ് : 2008 ജനുവരി 10

കോപ്പി: 500

ഡി.ടി.പി. : ശ്രീ കെ.ഒ.ഫ്രാൻസിസ്

ടൈപ്പ്സെറ്റിംഗ് : ശ്രീമതി ഓമന ഗിരിജൻ

പ്രിന്റിംഗ്: എബനെസർ, തൃശൂർ–12. ഫോൺ: 2360992

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# ഉള്ളടക്കം


| | | പേജ് നമ്പർ |
|---|---|---|
| | ആമുഖം | v-vii |
| | അവതാരിക | viii |
| | മുഖവുര | ix-xii |
| | ഉപക്രമം | xiii-xvi |
| 1. | പ്രബന്ധം 1 വിഷയം - ദൈവം | 1 |
| 2. | പ്രബന്ധം 2 സൃഷ്ടിയുടെ സിദ്ധാന്തം | 4 |
| 3. | പ്രബന്ധം 2 മ്ശീഹായുടെ ജീവിതോപാസന | 7 |
| 4. | പ്രബന്ധം 4 സഭയിലെ കൂദാശകൾ | 11 |
| 5. | പ്രബന്ധം 5 വരാനിരിക്കുന്ന ലോകത്തെ... | 18 |
| 6. | അനുബന്ധം അ ഉത്ഥിതനുപാസന | 25 |
| 7. | അനുബന്ധം ആ മ്ശിഹായുടെ മാതാവായ... | 28 |
| 8. | അനുബന്ധം ഇ സ്തോത്രഗീതം | 38 |
| 9. | അനുബന്ധം ഈ കുരിശിന്റെ കീർത്തനം | 40 |
| 10. | അനുബന്ധം ഊ ക്രിസ്തുവും ക്രിസ്ത്യാനികളും | 44 |
| 11. | വിശുദ്ധരുടെ മധ്യസ്ഥ പ്രാർത്ഥനകൾ | 51 |


CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# ആമുഖം

സപ്തതി കഴിഞ്ഞതിനുശേഷമാണ് പി.കെ. വർഗീസ് കശീശ മലയാളത്തിലുള്ള പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുവാൻ തുടങ്ങിയത്. 20 വയസ്സുള്ളപ്പോൾ സെമിനാരിയിൽ ഞങ്ങൾ സഹപാഠികളായിരുന്ന കാലത്ത് അച്ചൻ സാഹിത്യരചനകളിൽ ഏർപ്പെട്ടിരുന്നു. കവിതകൾ, ഭക്തിഗാനങ്ങൾ, ചെറുകഥകൾ, ലേഖനങ്ങൾ എന്നിവ അന്നുമുതലേ പ്രസിദ്ധീകരിച്ചിട്ടുണ്ട്. എന്നാൽ 1997 ൽ സ്വീഡനിലെ ARAM International പ്രൈസ് ലഭിച്ചതുകൂടാതെ കാര്യമായ പ്രോത്സാഹനങ്ങൾ ഒന്നുംതന്നെ അച്ച് ലഭിച്ചില്ല. അതുകൊണ്ടൊന്നും നിരാശനാകാതെ വാർദ്ധക്യസഹജമായ രോഗങ്ങളെ അവഗണിച്ച് തന്റെ രചനകൾ ഭാവി തലമുറയ്ക്ക് പ്രയോജനപ്പെടുത്തുവാൻ അച്ചൻ പരിശ്രമിച്ചുവരികയാണിപ്പോൾ.

പുസ്തകർചന വളരെ ബുദ്ധിമുട്ടുള്ളതാണെന്ന് എനിക്കു ആധികാരികമായി പറയുവാൻ കഴിയും. 67 പുസ്തകങ്ങൾ രചിച്ച ഞാൻ പുസ്തകം പുറത്തിറങ്ങുന്നതിനുമുമ്പുള്ള ഈറ്റുനോവുകൾ അനുഭവിച്ചിട്ടുണ്ട്. മലയാളത്തിൽ എഴുതുമ്പോൾ അച്ചടിക്കുവാൻ ഇറക്കിയ കാശ് മടക്കി കിട്ടുവാൻ പ്രയാസപ്പെട്ടിട്ടുണ്ട്. ഇംഗ്ലീഷിൽ ഞാൻ എഴുതുന്നതിന്റെ ഒരു കാരണം അതാണ്. ഇവിടെ 50 രൂപ വിലയിട്ട ഒരു മലയാളപുസ്തകത്തിന് ഇംഗ്ലീഷിൽ എഴുതി വിദേശത്ത് വിറ്റാൽ 10 ഡോളർ അതായത് 400 രൂപ കിട്ടും. ഞാൻ 10 ഡോളർ വിലയിടുമ്പോൾ എന്റെ പുസ്തകങ്ങൾക്ക് 20 അല്ലെങ്കിൽ 25 ഡോളറാണ് മറ്റു പ്രസിദ്ധീകരണങ്ങൾ വിലയിടുന്നത്. വിദേശത്ത് അത് അത്ര വലിയ വിലയല്ല.

എന്നാൽ സാഹിത്യ സൃഷ്ടിക്കു വിലയിടുന്ന സമയം ക്രിക്കറ്റ് കളി നന്നാക്കാനോ, വോളിബോൾ കളി മെച്ചമാക്കാനോ ശ്രമിച്ചാൽ ചിലപ്പോൾ സാമ്പത്തിക മെച്ചം ഉണ്ടാക്കാം. അമേരിക്കയിലെ വോളിബോൾ ടീമിലെ അംഗങ്ങൾ എല്ലാവരുംതന്നെ കോടീശ്വരന്മാരാണ്. ഒരു മില്യൻ ഡോളർ അതായത് നാലു കോടിയോളം രൂപ. സാഹിത്യരചനയിൽ ലഭിച്ച കോടീശ്വരന്മാരാകുന്നവരുണ്ടാകും. സാഹിത്യത്തിൽ നോബൽ



CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

സമ്മാനം വാങ്ങുന്നവർ എല്ലാവരും ഒരു കോടിയിലധികം പ്രതിഫലം പറ്റുന്നവരാണ്. Harry Potter കഥകൾ എഴുതിയ ഇംഗ്ലീഷുകാരി J.K. Rowling ആണ് ലോകത്തിലെ എഴുത്തുകാരിയായ ഏറ്റവും വലിയ ധനിക. ഇംഗ്ലണ്ട് ഭരിക്കുന്ന എലിസബത്ത് രാജ്ഞിയേക്കാൾ അധികം ഉണ്ടത്രെ ഗ്രന്ഥകർത്രി ജെ.കെ. റൗളിങ്ങിന് സ്വത്ത്. സാഹിത്യസൃഷ്ടി ജീവിതചര്യയായി ഏറ്റെടുത്ത പി.കെ. വർഗീസ് കശീശ പെട്ടെന്ന് ധനികനായില്ലെങ്കിലും ബുദ്ധിമുട്ടി ട്യൂഷൻ പഠിപ്പിച്ചും മറ്റും ഉണ്ടാക്കിയ പണം ഈ പുസ്തക പ്രസിദ്ധീകരണങ്ങളിൽകൂടി നഷ്ടപ്പെടാതിരിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

സൃഷ്ടിയെക്കുറിച്ച് മാർ ഔദീശോ തിരുമേനി എഴുതിയ കാര്യങ്ങൾ ഗ്രഹിക്കാൻ നമുക്കു സാധിക്കില്ലായിരിക്കും. അതുകൊണ്ട് ഈ പുസ്തകം മനസ്സിരുത്തി പല ആവർത്തി വായിക്കണം.

"ഉത്ഥിതനുപാസന" എന്ന തലക്കെട്ടാണ് മർഗ്ഗ്യാനീഥ പരിഭാഷയ്ക്കുശേഷമുള്ള അനുബന്ധത്തിൽ കൊടുത്തിരിക്കുന്നത്. മനസ്സിരുത്തി വായിച്ചാൽമാത്രമെ എന്തെങ്കിലും പിടികിട്ടുകയുള്ളു. വേദശാസ്ത്രപരമായ കാര്യങ്ങൾ ശാസ്ത്രീയമായി അറിയുന്നതിന്നാഗ്രഹിക്കുന്നവർ നിലവാരം കൂടുതലുള്ള ഈ സൃഷ്ടി ഉപയോഗിച്ച് മനനം ചെയ്യുമെന്നാശിക്കട്ടെ.

CHRISTIAN MUSICOLOGICAL SOCIETY OF INDIA

അനുബന്ധം 'ഇ' യിൽ കൊടുത്ത സ്തോത്രഗീതം ഹന്നൻയാ, അസർയ, മീശായേൽ എന്ന മൂന്ന് യുവാക്കളുടെ പ്രാർത്ഥനയാണ്. തീയിൽ ഇടപ്പെട്ട യുവാക്കൾ ദൈവത്തെ പഴിക്കുകയല്ല, സ്തുതിക്കുകയാണ് ചെയ്യുന്നത്.

അവസാനത്തിൽ കന്യക മാർത്ത്മറിയത്തോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥനപോലെ പലതും സുറിയാനിയിൽനിന്ന് മലയാളത്തിലേക്ക് അച്ചൻ തർജ്ജമചെയ്ത് നമുക്ക് പരിചയപ്പെടുത്തി തരികയാണ്. പുരാതന സുറിയാനി സഭയുടെ അംഗങ്ങളായ നമുക്ക് അഭികാമ്യമായ ഒരു കാര്യമാണ് വിശ്വാസത്തെ ശക്തിപ്പെടുത്തുക എന്നത്. അതിന് ഇത് സഹായിക്കട്ടെ.

'ജീവിതവീക്ഷണം' എന്ന ഗ്രന്ഥത്തിൽ മാലാഖമാരുടെ പത്തി



www.TheCMSIndia.org

ലൊന്ന് (ദശാംശം) പിശാചുക്കളായി. അത്രയും മനുഷ്യരെ വിശ്വാസത്തിലേക്ക് നേടി കഴിഞ്ഞാൽ മാത്രമെ ലോകാവസാനം വരികയുള്ളു എന്ന് അച്ചൻ സൂചിപ്പിക്കുന്നു. ആകെയുള്ള മാലാഖമാരുടെ എണ്ണം എത്രയെന്നോ, അതിലെ പത്തിലൊന്ന് എത്രയെന്നോ നമുക്ക് അറിയുകയില്ല. ആ സംഖ്യക്ക് ഒന്നു മനുഷ്യർ രക്ഷിക്കപ്പെടുന്നത് എന്നാണ് എന്നും നമുക്കു അറിയുകയില്ല. ലോകാവസാനം ഇന്ന ദിവസം വരുമെന്ന് ചിലർ പ്രവചിക്കാറുണ്ടെങ്കിലും ആർക്കും അത് അറിയുവാൻ സാധ്യമല്ല എന്ന് ബൈബിൾ നമ്മെ പഠിപ്പിക്കുന്നു. എപ്പോഴും നാം ഒരുങ്ങിയിരിക്കണം.

ഏ.ഡി. 1318 ൽ അന്തരിച്ച മാർ ഓദീശു മെത്രാപ്പോലീത്തയുടെ മർഗ്ഗ്യാനീഥ എന്ന സുറിയാനി പുസ്തകത്തിന്റെ മലയാള പരിഭാഷ ഇതിൽ കാണുന്നു. പൗരസ്ത്യ സുറിയാനി സഭയുടെ ഏറ്റവും വലിയ ഗ്രന്ഥകാരനായ മാർ ഓദീശു മെത്രാപ്പോലീത്തയെപറ്റി നമ്മുടെ സഭാംഗങ്ങൾക്കുപോലും വലിയ പരിചയം ഇല്ല. ബഹുമാനപ്പെട്ട പി.കെ. വർഗീസ് കശീശ ആ കുറവു നികത്തുവാൻ ഈ പുസ്തകത്തിൽ ശ്രമിച്ചിട്ടുണ്ട്. Nomo Canon എന്നറിയപ്പെടുന്ന കാനോൻ നിയമങ്ങളുടെ ക്രോഡീകരണം, പർദൈസ ദ' ദിൻ മർഗാനീത്ത എന്നിവയാണ് കൂടുതൽ അറിയപ്പെടുന്ന മൂന്നു ഗ്രന്ഥങ്ങൾ.

ഈ ഗ്രന്ഥകാരന്റെ രണ്ടാമത്തെയും, മൂന്നാമത്തെയും ഗ്രന്ഥങ്ങൾ ജനുവരി മാസത്തിൽ പ്രകാശനം ചെയ്യുന്നു. നാലാമത്തെ ഗ്രന്ഥം മാർച്ചു മാസത്തിൽതന്നെ പ്രസിദ്ധീകരിക്കുന്നു. പ്രതീക്ഷകൾക്കൊത്ത് പ്രസിദ്ധീകരണങ്ങൾ തയ്യാറാക്കുവാൻ ബഹുമാനപ്പെട്ട പി.കെ. വർഗീസ് കശീശയ്ക്ക് സാധിക്കട്ടെ എന്നു ആശംസിക്കുന്നു.

മെത്രാപ്പോലീത്ത അരമന
മാർ അപ്രേം മത്രാപ്പോലീത്ത
തൃശൂർ 680 001
1 – 1 – 2008

CHRISTIAN MUSICOLOGICAL SOCIETY OF INDIA



www.TheCMSIndia.org

# അവതാരിക

പി. കെ. വർഗ്ഗീസച്ചൻ രചിച്ച 'ജീവിതവീക്ഷണം' എന്ന പുസ്തകം വായിച്ചു. വർഗ്ഗീസച്ചനും, മാർ അപ്രേം തിരുമേനിയും ബാംഗ്ലൂർ യുണൈറ്റഡ് കോളേജിൽ എന്റെ സഹപാഠികൾ ആയിരുന്നു. ഗഹനമായ വേദശാസ്ത്ര വിഷയങ്ങളെക്കുറിച്ച് ഗൗരവമായി ചിന്തിക്കുകയും എഴുതുകയും ചെയ്യുന്ന രീതിയാണ് വർഗ്ഗീസച്ചൻ വിദ്യാഭ്യാസ കാലം മുതൽ തന്നെ സ്വീകരിച്ചിരുന്നത് അതിന്റെ പരിണത ഫലമായി അനേകം പുസ്തകങ്ങൾ രചിച്ചു. അവ ഭാരതത്തിലെ കൽദായ സഭക്ക് ഒരു മുതൽകൂട്ടായി. പ്രധാന ചിന്തകളും പുസ്തകത്തിലെ അനുബന്ധവും പല പ്രാവശ്യം വായിച്ചു. 1318 ൽ ദിവംഗതനായ മാർ ഓദീശു മെത്രാപ്പൊലീത്തായെ കുറിച്ച് മനസ്സിലാക്കുവാനും, വായനക്കാർക്കു ഗ്രഹിക്കുവാൻ കഴിയുന്ന വിധത്തിൽ ആവിഷ്ക്കരിക്കുവാനും, ഗഹനമായ വേദശാസ്ത്ര വിഷയങ്ങൾ വിശകലനം ചെയ്യുവാനും അച്ചൻ ഉദ്യമിച്ചിട്ടുണ്ട്.

തുർക്കിയിലെ തൂർ അബ്ദീൻ നാട്ടിൽ എപ്പിസ്കോപ്പയായും, തി-സിബിസിലെ മെത്രാപ്പൊലീത്താ ആയും അദ്ദേഹം ശുശ്രൂഷ നടത്തി. മാർ ഓദീശു രചിച്ച 15 ഗ്രന്ഥങ്ങളെക്കുറിച്ച് ജോസഫ് കീല്ലെത്താ കശീശ ഒരു വിവര പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. അവയിൽ പലതും നശിച്ചുപോയി. അവശേഷിച്ച മൂന്നു ഗ്രന്ഥങ്ങൾ 1) മർഗനീത്താ, 2) ഏദൻ പറുദീസാ, 3) സുന്നഹദോസ് കാനോനാകൾ എന്നിവയാണ്. മർഗനീത്താ (മുത്ത്) വേദശാസ്ത്ര വിഷയങ്ങൾ പ്രതിപാദിക്കുന്ന മുത്ത് തന്നെയാണ്. ദൈവത്തിന്റെ സ്വഭാവം, പ്രത്യേകതകൾ, ദൈവത്തെ മനസ്സിലാക്കുവാനുള്ള മനുഷ്യ മനസ്സിന്റെ പരിമിതി എന്നീ വിഷയങ്ങളെ വിശകലനം ചെയ്യുന്നു.

ഇവയെല്ലാം ആധുനീക കാലത്തെ വായനക്കാർക്കു പരിചയപ്പെടുത്തിക്കൊടുക്കാൻ വർഗ്ഗീസച്ചൻ ചെയ്ത ശ്രമം അനുമോദനാർഹമാണ്. ഇതുപോലെയുള്ള രചനകൾ ഇനിയും അച്ചന്റെ തൂലികയിൽനിന്ന് ഉണ്ടാകട്ടെയെന്ന് ആശംസിക്കുന്നു.

ആയുരാരോഗ്യം നേരുന്നു.

സസ്നേഹം

കെ. എ. ജോർജ്ജ്

എറണാകുളം

റവ. ഡോക്ടർ

12-1-2008

കെ. എ. ജോർജ്ജ്



CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# മുഖവുര

'ജീവിതവീക്ഷണ'ത്തിൽ ഞാൻ സമൂഹസമക്ഷം സമർപ്പിക്കുന്നത് അസ്സിറിയൻ പൗരസ്ത്യസഭയുടെ വീക്ഷണമാണ്. ഈ കാഴ്ചപാടുകൾ തിരുസഭയുടെ പ്രതിനിധിയെന്ന നിലയിൽ 14-ാം നൂറ്റാണ്ടിന്റെ രണ്ടാം ദശകത്തിൽ ദിവംഗതനായ ഒരു പ്രവീണപിതാവാണ് രചിച്ചിട്ടുള്ളത്.- മാർ ഓദീശു. അദ്ദേഹം ലോകത്തിലെ തന്നെ ആദ്യസർവകലാശാലകളിലൊന്നായ 'സൂവ'യുടെ അധിപനായിരുന്നു അഥവാ ആർച്ച് ബിഷപ്പായിരുന്നു. ഈ പിതാവ് മധുരമനോജ്ഞമായ പല കൃതികളും രചിച്ചിരുന്നു. കാവ്യഭംഗി, പ്രാസശൈലി, പദവിന്യാസം എന്നിവയിൽ സമുന്നതസ്ഥാനം അലങ്കരിക്കുന്ന ഏദനിലെ തോട്ടം എന്ന അർത്ഥത്തിൽ "പർദൈസ ദ് ദിൻ" പ്രസ്തുത മുനിവര്യന്റെ ഭാഷാജ്ഞാനവും സർഗ്ഗശക്തിയും വെളിവാക്കുന്നു. ജീവിതവീക്ഷണ ചിന്താസരണി നമ്മുടെ മുൻപിൽ ഒരു ജലധാരയായി എത്തുന്നത് മുത്ത് എന്ന അലങ്കാരഭാഷയിൽ അറിയപ്പെടുന്ന "മാർഗ്ഗ്യാനീഥ" എന്ന കൃതിയാകുന്നു.

നാം നിവസിക്കുന്ന ബൃഹത്തായ ബ്രഹ്മാണ്ഡം അഥവാ പ്രപഞ്ചം മുറ്റും നിറഞ്ഞുനിൽക്കുന്നത് തമോമയമാകുന്നല്ലോ? തമസ് പ്രകാശത്തിന് വിപരീതമായി നാം കാണുന്നുണ്ട്. വെളിച്ചം സസൂക്ഷ്മമായ പ്രകാശകണികകളാണെന്ന് നമുക്കറിയാം; അതുപോലെതന്നെ തമസ്! അതും സൂക്ഷ്മകിരണങ്ങളാണെന്ന് ഈയിടെ നാം പത്രത്തിൽ വായിച്ചുവല്ലോ? സുതാര്യമായ പ്രസ്തുത കണികകളിലൂടെ സമുദ്രതീരത്തിലെ മണൽത്തരികളുടെ സംഖ്യയ്ക്കുസമം വരുന്ന 78 കോടി കോടി നക്ഷത്രങ്ങൾ, സൗരയൂഥങ്ങൾ മിന്നാമിനുങ്ങുകൾ കണക്കെ വിണ്ണിനെ ശോഭനമാക്കുകയാണ്. ഭാസ്കരബിംബം ചക്രവാളത്തിൽ മറയുമ്പോൾ പ്രപഞ്ചത്തിൽ സ്ഥായിയായിട്ടുള്ള ഇരുട്ട് സ്വാഭാവികമായി പ്രത്യക്ഷപ്പെടുന്നു. അത് നമ്മുടെ തമസ് രാത്രി. മാനം മനുഷ്യനെ എക്കാലത്തും ഒരു ദിവ്യമഹത്വത്തിന്റെ അതിശയം.



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

പ്രസ്തുത പ്രപഞ്ചം എന്ന്, എങ്ങനെ ഉണ്ടായതാണ്? ഭൂമിയും അതിന്റെ പൂർണ്ണതയും ഭൂതലവും അതിലെ പൂർണ്ണതയായ മരങ്ങളും, സസ്യലതാദികളും മൃഗങ്ങളും മനുഷ്യരും എങ്ങനെയുണ്ടായി; ഇവയുടെയെല്ലാം പരമമായ ഉന്നമെന്ത്? ഇവയുടെ നിർമ്മാതാവ് ആർ? ഇവ താൽക്കാലികമോ ദിവ്യമോ? മനുഷ്യമസ്തിഷ്ക്കത്തെ ദശലക്ഷവർഷങ്ങളോളം മദിക്കുന്ന ഓളങ്ങളാണിവ. ഇത്തരം പ്രശ്നങ്ങളുടെമേൽ പ്രകാശം പരത്തുന്നവരെ നാം വിജ്ഞാനികളെന്നോ ശാസ്ത്രജ്ഞരെന്നോ വിളിക്കുന്നു.

ഭൂമിയാണ് പ്രപഞ്ചത്തിന്റെ കേന്ദ്രബിന്ദുവെന്നും ആകാശം അതിൽ ഭംഗിയുള്ള വിതാനമാണെന്നുമല്ലേ ക്രിസ്തുവിനു മുൻപ് 388 മുതൽ 322 വരെ ജീവിച്ചിരുന്ന അരിസ്റ്റോട്ടിൽ കണ്ടുപിടിച്ചത്. ഈ സുഗ്രീവരേഖ മറികടക്കാൻ പതിമൂന്നിലേറെ ശതകങ്ങൾ വേണ്ടിവന്നില്ലേ? 1564 ഫെബ്രുവരി 12-നു ജനിച്ച ഗലീലിയൊ തന്നെതന്നെ അന്ധനാക്കുംവരെ വാനനിരീക്ഷണം നടത്തി. അപ്പോഴാണ് നാം നിവസിക്കുന്ന ധരണി ഉരുണ്ടതാണെന്ന സംജ്ഞ നമുക്ക് കരഗതമായത്. അരിസ്റ്റോട്ടിലിന്റെ പരന്നലോകം അങ്ങനെ ഓറഞ്ചിന്റെ ആകൃതിയായി. ഇന്നും അങ്ങനെതന്നെ!

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ആരാണ് അംബരതാരങ്ങളെ സൃഷ്ടിച്ചത്? അവയുടെ എണ്ണം 78 കോടികോടിയാണത്രെ! ഭൗമമണൽതരികളുടെ എണ്ണത്തിനു സമം! അവയുടെ പരാപര ഉന്നമെന്ത്? ലോകാവസാനം എന്നുണ്ടാകും? മനുഷ്യമനസ്സിനെ മദിച്ചുകൊണ്ടിരിക്കുന്ന കുറ്റബോധകല്ലോലങ്ങൾക്ക് അറുതിയുണ്ടോ? ഉണ്ടെങ്കിൽ എപ്പോളെങ്ങനെ? 1318-ൽ ദിവംഗതനായ മാർ ഓദീശൂ ('എഡിസ'മധ്യപൗരസ്ത്യദേശം) ഇത്തരം പ്രശ്നങ്ങൾക്കുള്ള അസ്സീറിയൻ പൗരസ്ത്യസഭയുടെ നിഗമനങ്ങളെ കൊണ്ട് ഒരു മുത്തുമാല തന്നെ തീർത്തിരിക്കുകയാണ്. 'ജീവിതവീക്ഷണ'ത്തിൽ പ്രസ്തുത പുണ്യപിതാവിന്റെ ഉത്തരികൾ നമുക്ക് ഒരുത്തിരിച്ചെടുക്കാം. പഞ്ചപ്രബന്ധങ്ങളിലായി (കീപ്പാലിയോൻ)32 വിഷയങ്ങളദ്ദേഹം ലളിതമായി വിവരിക്കുന്നു.



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

തമസ് ഒരു സസൂക്ഷ്മ കണികയാണെ[redacted] അത്യാധുനിക മായ് നാം ഗ്രഹിക്കുമ്പോൾ മാർ ഓദീശു അത് സൃഷ്ടിക്കപ്പെ ട്ടത് വെളിച്ചസ്രോതസ്സുകൾ രൂപപ്പെടുന്നതിനു വർഷങ്ങൾക്കു മുൻപാണെന്ന് വെളിപ്പെടുത്തുന്നു. മുത്ത് എന്നർത്ഥമാകുന്ന മാർഗ്ഗനീഥ എന്ന ലഘുഗ്രന്ഥത്തിൽ ഭൂമി, വായു, വെള്ളം, അഗ്നി, താപ, തമസ് മാലാഖമാർ എന്നിവയുടെ സൃഷ്ടിപ്ര കാശസൃഷ്ടിയുടെ മുൻപ് തന്നെ എന്നുപറയുന്നുണ്ട്. പിന്നീ ടാണ് ബൈബിളിന്റെ ആദ്യതാളിൽ കാണുന്ന 'വെളിച്ചമുണ്ടാ കട്ടെ'യെന്ന ശബ്ദം ബ്രഹ്മാണ്ഡമഖിലം ശ്രവിക്കുന്നത് വെളിച്ചം ഉണ്ടാകട്ടെ. ദൈവം അരുളിചെയ്തു. വെളിച്ചം ഉണ്ടായി. ഉൽ. 1 : 2

ദൈവത്തെ പ്രപഞ്ചത്തിന്റെ രൂപകൽപ്പനചെയ്തവൻ (സൃഷ്ടാവ്, രക്ഷിതാവ്, പരിപാലകൻ, പരിശുദ്ധമാക്കുന്നവൻ എന്നിങ്ങനെ വിവരിക്കുമ്പോൾ ക്രിസ്തുവിന്റെ ജീവിതലക്ഷ്യം ഇതിവൃത്തമാകുന്നു; യേശുവിന്റെ തിരോധാനത്തിനുശേഷം പ്രസ്തുത ദൗത്യം സഭയെന്നറിയപ്പെടുന്ന സമൂഹത്തെ ഏൽപ്പി ച്ചിരിക്കയാണ്. അങ്ങനെ സഭയുടെ ഘടന, ദൌത്യം, ഭാവി എന്നിവ വിവരിക്കുകയാണ് ഈ ലഘുപുസ്തകത്തിൽ! അങ്ങനെ സഭയുടെ ഘടന, ദൌത്യം, ഭാവി എന്നിവ മാർ ഓ ദീശു പഠനവിഷയമാക്കുന്നു. ഇവിടെയാണ് വി.കുർബ്ബാനയുടെ പ്രസക്തി വിഷയീഭവിക്കുന്നത്. ക്രിസ്തുവിന്റെ മരണം, ഉയിർപ്പ് എന്നിവ സിമ്പോളിക്കായി പ്രസ്തുത മുഖ്യാരാധനയിൽ പ്രദർശി പ്പിക്കുകയാണ്. മനുഷ്യകുലവിമോചനത്തിനുള്ള തലയോടിട ത്തിലെ കഷ്ടാനുഭവവും നിദ്രിതരുടെ മധ്യേ നിന്നുള്ള യേശു വിന്റെ ഉത്ഥാനവും രേഖപ്പെടുത്തുന്നു.

ഭൗമശരീരങ്ങളെ മരണശേഷം മഹത്വീകരിച്ച് മാലാഖ മാർക്കുതുല്ല്യത നൽകി വിണ്ണിലേക്കാനയിക്കുന്ന അവരെ പരി പൂർണ്ണതയിലേക്കുയർത്തുന്ന ദിവസമാണ് അന്ത്യനാൾ. അതെ പ്പോഴുണ്ടാകും?

പത്തുഗണം മാലാഖന്മാരാണാദിയിൽ സൃഷ്ടിക്കപ്പെട്ടത്. അവരിൽ ഒരു ഗണത്തിനൊത്ത സംഖ്യയോളം ദൂതർ ഗർവിഷ്ഠ



CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

രായി; സ്രഷ്ടാവിനോടെതിർത്തു പിശാചുക്കളായി. മനുഷ്യകുല ത്തിൽനിന്ന് ഈ ഗണത്തിനൊത്ത് വിശ്വാസികളെ നേടിക്കഴി ഞ്ഞാൽ ലോകപരിസമാപ്തിയാകും (?) ദൈവദൂതരുടെ ജോലി ദൈവതാൽപര്യം പ്രാവർത്തികമാക്കുകയാണ്. മരണശേഷം മനു ഷ്യൻ ദൈവദൂതതുല്യരാകുമെന്ന് യേശു പറഞ്ഞിട്ടുള്ളതാണല്ലോ (മാക്ക : 12, 25) ക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവ രുടെ എണ്ണൽസംഖ്യ 78 കോടിക്കോടിയാകുമ്പോൾ അന്ത്യനാൾ! ഓരോരുത്തർക്കും ഒരു നക്ഷത്രപരിപാലനം! ഈ സൂചന നൽകു ന്നത് ദൈവശാസ്ത്രചിന്തകനായ ലൂയിസ് (LEWIS) ചെറിയ കാര്യത്തിൽ വിശ്വസ്തനായാൽ വലിയ കാര്യത്തിലും വിശ്വസ്ത നായിരിക്കുമല്ലോ (ലൂക്ക 16:10) പത്തുതാലത്തുകൊണ്ട് വേറെ പത്തുനേടിയവനെ പത്തുപട്ടണങ്ങൾക്ക് മേലാധികാരിക്കുന്ന വിശേഷം കർത്താവ് തന്നെ പ്രസ്താവിക്കുന്നുണ്ട് (ലൂക്ക. 19 : 17).

അനുബന്ധത്തിൽ 5 പ്രബന്ധങ്ങൾ ചേർത്തിരിക്കുന്നു. സുർയായ ഭാഷയിൽനിന്ന് ഞാൻ മൊഴിമാറ്റം ചെയ്തവയാണ്; കൂട്ടത്തിൽ ഒരു പ്രബന്ധവുമുണ്ട്. ക്രിസ്തുവിന്റെ സ്വഭാവം ദൈവം മനുഷ്യൻ എന്നിങ്ങനെയുള്ളവ ഇതിൽ ഉൾപ്പെടുത്തിയി രിക്കുന്നു. സഹൃദയർക്ക് അവ പുതിയ മാനങ്ങൾ കാണിക്കുമെ ന്നാശയാണുള്ളത്.


പ്രസിദ്ധീകരണത്തിന് സഹായഹസ്തം നീട്ടിയവരെയും ഡി.ടി.പി. ചെയ്ത ശ്രീ ഫ്രാൻസിസിനെയും ശ്രീമതി ഓമന യെയും പ്രസ്സ് ജീവനക്കാരെയും നന്ദിപൂർവ്വം സ്മരിക്കുന്നു. ദൈ വാനുഗ്രഹങ്ങൾ അവരുടെമേൽ സമൃദ്ധം വർഷിക്കട്ടെ എന്നാശം സിക്കുന്നു.

4-12-2007 പി. കെ. വർഗ്ഗീസച്ചൻ



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



പി. കെ. വർഗീസച്ചൻ 1935-ൽ തൃശൂരിൽ ജനിച്ചു. സെന്റ് തോമസ് ഹൈസ്ക്കൂളിലും കോളേജിലുമാണ് പഠിച്ചത്. കൽദായ സുറിയാനി സഭാസെമിനാരിയിൽ 3 വർഷവും, ബാംഗ്ലൂർ യു.ടി.സി. യിൽ 3 വർഷവും അദ്ധ്യയനം നടത്തിയിട്ടുള്ളതാകുന്നു. മലയാളം, ഇംഗ്ലീഷ്, ഹിന്ദി സുറിയാനി, ഗ്രീക്ക്, ഹീബ്രു ആദിയായ ഭാഷകൾ പഠിച്ചു. സെമിനാരി റെക്ടർ, ഇടവക വികാരി, വികാരി ജനറാൾ എന്നീ നിലയിൽ പ്രവർത്തിക്കുകയുണ്ടായി. മേലുദ്ധരിച്ച മിക്കഭാഷകളിലും കവിത, ഭക്തിഗാനങ്ങൾ, ചെറുകഥകൾ, ലേഖനങ്ങൾ, ഗവേഷണപ്രബന്ധങ്ങൾ എന്നിവ രചിച്ചിട്ടുള്ളതാണ്. സുറിയായ ഭാഷാ ഗ്ലോബൽ കോൺഫറൻസുകളിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഭാഷയിലേക്കുള്ള അച്ചന്റെ സാഹിത്യസംഭാവകളെ പരിഗണിച്ച് സ്വീഡനിൽനിന്ന് സിറിയക് അറാം ഇന്റർനാഷണൽ പുരസ്കാരം 1997-ൽ നേടി. സംഘാടകൻ, അദ്ധ്യാപകൻ, പ്രസംഗകൻ, സാഹിത്യകാരൻ, സാമൂഹ്യപ്രവർത്തകൻ എന്നീ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചു. ഇപ്പോൾ വിശ്രമജീവിതത്തിലിരിക്കുന്ന അദ്ദേഹം സ്വന്തകൃതികൾ പ്രസിദ്ധീകരിക്കുന്നതിൽ വ്യാപൃതനാണ്.

## ܡܦܩܢܐ: ܒ.

ܥܠ ܡܘܣܝܩܝܘܬܐ.

[illegible]

CHRISTIAN MUSICOLOGICAL SOCIETY OF INDIA

printed : EBENEZER/TCR-12/PH: 2360992

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA
REG. NO. 118/IV/2016

For further information regarding this text Please contact:

*info@thecmsindia.org*
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- DIRECTORY OF CHRISTIAN SONGS
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART